സംസ്ഥാന വാർത്ത

## ട്രാഫിക് നിയമലംഘനം

## നടപടി വരും ഡിജിറ്റലായി

നിയമലംഘനം കണ്ടെത്തിയാൽ ഡ്രൈവിങ് ലൈസൻസ് പിടിച്ചെടുക്കുന്ന നടപടിയും ഇനി ഡിജിറ്റലായി. നവംബർ 20-ന് ഇത് പ്രാബല്യത്തിലായി. വാഹനം പരിശോധിക്കുമ്പോൾ ഡ്രൈവിങ് ലൈസൻസും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുമെല്ലാം ഡിജിറ്റലായി കാണിച്ചാൽ മതി എന്ന പരിഷ്കാരം വന്നതോടെയാണ് ലൈസൻസ് പിടിച്ചെടുക്കലും ഡിജിറ്റലാകുന്നത്.

ലൈസൻസ് പിടിച്ചെടുത്തതായി പരിവാഹൻ സംവിധാനത്തിൽ രേഖപ്പെടുത്തിയാണ് നടപടിയെടുക്കുക. ഇതിനുള്ള സാങ്കേതിക പ്രവർത്തനങ്ങൾ വാഹൻ-സാരഥി ഓൺലൈൻ സംവിധാനങ്ങളുടെ ഡേറ്റാബേസിൽ പൂർത്തിയായി.

പരിശോധനാസമയത്ത് ഡിജിറ്റൽ രേഖകളാണ് ഹാജരാക്കുന്നതെങ്കിൽ പിടിച്ചെടുക്കലും ഡിജിറ്റലായിരിക്കും. ഇ-ചലാൻ തയ്യാറാക്കിയാണ് രേഖകൾ പിടിച്ചെടുത്തതായി രേഖപ്പെടുത്തുക. പിന്നീട് പിഴയുൾപ്പെടെയുള്ള മറ്റുനടപടി ക്രമങ്ങൾ പൂർത്തിയാക്കിയശേഷമേ ഇത് വിട്ടുകൊടുക്കുകയുള്ളൂ.

ഗുരുതര നിയമലംഘനങ്ങൾ നടത്തുമ്പോഴാണ് സാധാരണയായി ലൈസൻസ് പിടിച്ചെടുക്കാറുള്ളത്. ആളപായമുണ്ടാകുന്ന വലിയ അപകടങ്ങൾ സംഭവിക്കുമ്പോൾ നിരത്തിൽവെച്ചുതന്നെ ഡ്രൈവറുടെ ലൈസൻസ് പിടിച്ചെടുക്കാറുണ്ട്. ശേഷം, നിശ്ചിതകാലത്തേക്ക് സസ്പെൻഡ് ചെയ്യുകയോ പിഴയുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യും. ഇത്തരം ഘട്ടങ്ങളിൽ ഡ്രൈവർ ഡിജിറ്റൽരേഖ ഹാജരാക്കിയാൽ പിടിച്ചെടുക്കൽ നടപടി സ്വീകരിക്കാനാവില്ല. ഇതേത്തുടർന്നാണ് പിടിച്ചെടുക്കലും ഓൺ ലൈനാക്കിയത്.

നവംബർ ആറിനാണ് ഡ്രൈവിങ് ലൈസൻസ് കൈവശംവെക്കണമെന്ന നിബന്ധന തിരുത്തിയത്. ഇതനുസരിച്ച് എം. പരിവാഹൻ ആപ്പ് മുഖാന്തരമോ, ഡിജി ലോക്കർ മുഖാന്തരമോ ഡിജിറ്റലായി ലൈസൻസ് കാണിച്ചാൽ മതി.

(മാ. 4/12)

സംസ്ഥാന വാർത്ത

# കേരളപ്പിറവിയിൽ  ഒരുമയുടെ 'കേരളവര'

കേരളപ്പിറവി ദിനത്തിൽ ഒരുമയുടെ സന്ദേശം വിളിച്ചോതി 'കേരളവര', കേരളത്തനിമയും വൈവിധ്യങ്ങളും വരയിൽ നിറഞ്ഞു. ഡാവഞ്ചി സുരേഷിന്റെ നേതൃത്വത്തിൽ കലാകാരന്മാരുടെ കൂട്ടായ്മയായ എക്സോട്ടിക് ഡ്രീംസിലെ 24 ചിത്രകാരന്മാരാണ് 50 അടി നീളമുള്ള കേരളത്തിന്റെ മാതൃകയ്ക്ക് രൂപം നൽകിയത്.

'കേരളവര' എന്ന പേരിലാണ് 14 ജില്ലകളുടെയും കലാ-സാംസ്കാരിക തനിമ വിളിച്ചോതുന്ന തരത്തിൽ കേരള രൂപം തയ്യാറാക്കിയത്. ബേക്കൽ കോട്ട, തെയ്യം, തേയിലത്തോട്ടം, ഒപ്പന, മലമ്പുഴയക്ഷി, പൂരം, പുലിക്കളി, തിരുനക്കര, കായൽത്തീരങ്ങൾ, പടയണി, വള്ളംകളി, ആറന്മുള കണ്ണാടി, ഓട്ടൻ തുള്ളൽ, ജടായുപ്പാറ, കഥകളി തുടങ്ങിയ ചിത്രങ്ങളിലൂടെ ഓരോ ജില്ലകളെയും അടയാളപ്പെടുത്തി.

പൊഴുതന പ്ലാന്റേഷൻ സ്റ്റേയിലെ വാർഡ് 80 എന്ന റിസോർട്ടിൽ ഒരുമിച്ചുകൂടിയ ചിത്രകാരന്മാർ കേരളപ്പിറവി ദിനമായ വെള്ളിയാഴ്ച ഉച്ചയോടെയാണ് കേരളത്തെ വരച്ചെടുത്തത്. എല്ലാ ജില്ലയിൽ നിന്നുള്ള ചിത്രകാരന്മാരും ഇവിടെയെത്തിയിരുന്നു.

തടികൊണ്ട് നിർമിച്ച പ്രതലത്തിൽ ഓരോ ജില്ലയെയും പ്രത്യേകമായി അടയാളപ്പെടുത്തി, അവ ചേർത്തുവെച്ചാണ് കേരളത്തിന്റെ മാതൃക സൃഷ്ടിച്ചത്.

കേരളപ്പിറവി ദിനത്തിൽ കേരളത്തിന്റെ മാതൃക തീർക്കാൻ സാധിച്ചതിൽ ഒരുപാട് സന്തോഷവും അഭിമാനവുമുണ്ടെന്നും ഒരുപാട് കലാകാരന്മാരുടെ പരിശ്രമത്തിന്റെ ഫലമാണെന്നും ഒരുമയുടെ സന്ദേശമാണെന്നും പരിപാടിക്ക് നേതൃത്വം നൽകിയവരിലൊരാളായ ഡാവഞ്ചി സുരേഷ് പറഞ്ഞു.

.

(മാ. 4/11)

സംസ്ഥാന വാർത്ത

# വൈദ്യുതി സേവനങ്ങൾക്ക് ജി.എസ്.ടി. ഒഴിവാകും

വൈദ്യുതി വിതരണത്തിലും പ്രസരണത്തിലും ഉപഭോക്താക്കൾക്ക് ലഭിക്കുന്ന സേവനങ്ങൾക്ക് ജി.എസ്.ടി. ഒഴിവാക്കി ധനമന്ത്രാലയം വിജ്ഞാപനമിറക്കി. ജി.എസ്.ടി കൗൺസിലിന്റെ തീരുമാനത്തെത്തുടർന്നാണിത്.

മീറ്റർവാടക, മീറ്ററും ലൈനുകളും മാറ്റുന്നത്, വൈദ്യുതി കണകഷനുള്ള അപേക്ഷ, ഡ്യൂപ്ലിക്കേറ്റ് ബിൽ എന്നിവയ്ക്കെല്ലാം നിലവിൽ 18 ശതമാനം ജി .എസ്.ടി. ഈടാക്കുന്നുണ്ട്. എന്നാൽ, വൈദ്യുതി കണക്ഷൻ നൽകുന്നതിന്റെ ഭാഗമായി പ്രസരണത്തിനും വിതരണത്തിനും സാന്ദർഭികമായി വേണ്ടിവരുന്ന അനുബന്ധ സംവിധാനങ്ങൾക്ക് ജി.എസ്.ടി. ഒഴിവാക്കുന്നുവെന്നാണ് വിജ്ഞാപനത്തിൽ പറയുന്നത്. ഇതിൽ നിയമപരമായി ഏതൊക്കെ സേവനങ്ങൾ ഉൾപ്പെടുമെന്ന് വിജ്ഞാപനം പരിശോധിച്ച് തീരുമാനിക്കേണ്ടത് കെ.എസ്.ഇ.ബി.യാണ്.

കേരളത്തിൽ വിവിധതരം കണക്ഷനുകൾക്ക് ഇപ്പോൾ നൽകേണ്ട മീറ്റർ വാടക മാസം ആറുരൂപ മുതൽ 1000 രൂപവരെയാണ്. വീടുകളിലെ സാധാരണ ത്രീഫെയ്സ് കണക്ഷന് രണ്ടുമാസത്തെ ബില്ലിൽ നൽകേണ്ടത് 30 രൂപയാണ്. ഇതിനിപ്പോൾ 18 ശതമാനം ജി .എസ്.ടിയായി 5.40 രൂപ ഈടാക്കുന്നു.

വിജ്ഞാപനപ്രകാരം അടുത്ത ബിൽ മുതൽ ജി.എസ്.ടി. ഒഴിവാക്കണം. വൈദ്യുതി കണക്ഷനുള്ള അപേക്ഷാഫീസിൽ ഉൾപ്പെടെ ജി.എസ്.ടി. കുറയുന്നത് ഉപഭോക്താവിന് ആശ്വാസമാകും.

വിജ്ഞാപനം ഇറങ്ങിയെങ്കിലും ഇതൊഴിവാക്കി ബില്ലുകൾ നൽകുന്നതിന് വൈദ്യുതിബോർഡ് തീരുമാനിച്ചിട്ടില്ല. ജി.എസ്.ടി. വകുപ്പുമായി ചർച്ചകൾ നടക്കുന്നുണ്ട്. വിജ്ഞാപനത്തിലെ വാചകങ്ങൾപ്രകാരം ഉപഭോക്താക്കളുമായി ബന്ധപ്പെട്ടയിനങ്ങൾക്ക് നികുതി ഒഴിവാക്കണമെന്നാണ്. നികുതി ഒഴിവാക്കൽ വ്യവസ്ഥയുടെ വ്യാഖാന സാധ്യതകൾകൂടി പരിശോധിച്ച് തീരുമാനമെടുക്കാനും ജി.എസ്.ടി. വകുപ്പിന്റെ അഭിപ്രായം ആരായാനും ആസ്ഥാനത്തെ നികുതിവിഭാഗത്തെ കെ.എസ്.ഇ.ബി. ചുമതലപ്പെടുത്തി.

(മാ. 15/10)

സംസ്ഥാന വാർത്ത

## ഡിജിറ്റൽ സർവേ

## അതിരുതർക്കം തീർക്കാൻ ജാഗ്രതാസമിതികൾ

തർക്കഭൂമി ഒന്നാകെ അളന്നു മാറ്റിയിടും

ഡിജിറ്റൽ സർവേ നടത്തുന്നയിടങ്ങളിൽ ഭൂവുടമകൾ തമ്മിലുള്ള അതിരുതർക്കം തീർക്കാൻ ജാഗ്രതാസമിതികളെ നിയോഗിക്കും. ഗ്രാമപ്പഞ്ചായത്ത് അംഗങ്ങളുടെ നേതൃത്വത്തിലുള്ള സമിതികളെ മധ്യസ്ഥരാക്കി പ്രശ്നം പരിഹരിച്ച് ഭൂമി അളന്ന് കൃത്യമായ അതിര് നിശ്ചയിക്കാനാണ് നിർദേശം. അതിരു തർക്കമുള്ള സ്ഥലത്ത് വെവ്വേറെ സർവേ നടത്തില്ല. തർക്കമുള്ള ഉടമകളുടെയെല്ലാം ഭൂമി മൊത്തമായി അളന്ന് ഒരു തണ്ടപ്പേരിലാക്കിയിടും.

ഇതോടെ തർക്കമുള്ളവരെല്ലാം ഒരുമിച്ച് നികുതിയടയ്ക്കേണ്ടി വരും. എല്ലാവരുടെയും പേര് ഒരു തണ്ടപ്പേർ നമ്പരിലേക്ക് മാറുന്നതിനാൽ ഓരോരുത്തർക്കും പ്രത്യേകമായി കരം രസീത് കിട്ടില്ല. ഭൂമിയുപയോഗിച്ച് വായ്പയെടുക്കാനും മറ്റും സാധിക്കാതെ വരും. കെട്ടിടനിർമാണമടക്കം മുടങ്ങുകയും ചെയ്യും. തർക്കമുള്ള അതിരിന്റെ ഭാഗംമാറ്റി ശേഷിക്കുന്ന ഭൂമി ഉപയോഗിക്കാനുമാകില്ല. ഇക്കാര്യങ്ങളെല്ലാം ബോധ്യപ്പെടുത്തി തർക്കപരിഹാരമുണ്ടാക്കി ഡിജിറ്റൽ സർവേ നടത്തിക്കാനാണ് പറഞ്ഞിരിക്കുന്നത്. ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ബോധവത്കരണ ക്ലാസുകൾ നടത്താനും നിർദേശമുണ്ട്. കോടതികളുടെ പരിഗണനയിലുള്ള കേസുകളിലും ഒരേ ഭൂമിക്ക് ഒന്നിലേറെ ആളുകൾ അവകാശ വാദം ഉന്നയിക്കുന്നയിടങ്ങളിലും ഭൂമി ഒന്നായി അളന്നു മാറ്റിയിടുകയേയുള്ളൂ.

ഒന്നായി അളന്ന് ഒരു തണ്ടപ്പേരിലാക്കുന്നതു സംബന്ധിച്ച് സ്ഥലമുടമകളിൽനിന്ന് പരാതികൾ വന്നിട്ടുണ്ടെങ്കിലും ഈ രീതി തുടരുകയല്ലാതെ വേറെ വഴിയില്ലെന്ന് സർവേ വകുപ്പ് അധികൃതർ പറഞ്ഞു. തർക്കം മധ്യസ്ഥർ മുഖേനയോ കോടതി വഴിയോ പരിഹരിച്ചശേഷം തർക്കഭൂമി പ്രത്യേകം പ്രത്യേകം സർവേ ചെയ്ത് തണ്ടപ്പേർ നൽകും. തർക്കമുള്ള ഭൂമി സർവേ ചെയ്യാതിരുന്നാൽ ഡിജിറ്റൽ സർവേതന്നെ കുരുക്കിലാകുമെന്ന് അധികൃതർ പറയുന്നു. നിലവിൽ നികുതി അടച്ചുവരുന്നതുപോലെ വ്യത്യസ്ത തണ്ടപ്പേര് നിലനിർത്തി നികുതിയടയ്ക്കാനുള്ള സംവിധാനമൊരുക്കണമെന്ന് തർക്കഭൂമിയുള്ള ഉടമകൾ ആവശ്യപ്പെടുന്നുണ്ട്.

(മാ. 1/9)

സംസ്ഥാന വാർത്ത

## പഠിക്കണം നാം

## കേരളത്തിൽ പരിസ്ഥിതി ഓഡിറ്റിങ് വേണം-ഹൈക്കോടതി

പ്രകൃതി ദുരന്തങ്ങൾ ഒഴിവാക്കുന്നതിന് കേരളത്തിലാകെ പരിസ്ഥിതി ഓഡിറ്റിങ് നടത്തേണ്ടതുണ്ടെന്ന് ഹൈക്കോടതി. വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൽ സ്വമേധയാ എടുത്ത ഹർജിയിലാണ് ജസ്റ്റീസ് എ.കെ. ജയശങ്കരൻ നമ്പ്യാരും ജസ്റ്റീസ് വി.എം. ശ്യാംകുമാറും ഉൾപ്പെട്ട ഡിവിഷൻ ബഞ്ച് ഈ നിർദ്ദേശം മുന്നോട്ട് വച്ചത്. വിഷയത്തിൽ സർക്കാർ നിലപാട് അറിയിക്കാൻ അഡ്വക്കേറ്റ് ജനറൽ കെ. ഗോപാലകൃഷ്ണ കുറുപ്പ് സമയം തേടി. ഹർജിയിൽ കോടതിയെ സഹായിക്കാൻ മുതിർന്ന അഭിഭാഷകൻ രഞ്ജിത് തമ്പാനെ അമിക്കസ് ക്യൂറിയായി നിയോഗിച്ചു. എല്ലാ വെള്ളിയാഴ്ചയും വിഷയം പരിഗണിക്കുമെന്ന് കോടതി പറഞ്ഞു.

നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്, ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ, സർവ്വേ ഓഫ് ഇന്ത്യ, കേന്ദ്ര ശാസ്ത്ര സാങ്കേതിക മന്ത്രാലയം, സ്റ്റേറ്റ് എൻവയൺമെന്റ് ഇംപാക്ട് അതോറിറ്റി തുടങ്ങിയവരെ കേസിൽ കക്ഷിയാക്കി നോട്ടീസിന് നിർദ്ദേശിച്ചു. വികസന പദ്ധതികൾ നടപ്പാക്കുംമുൻപ് അത് എങ്ങനെ പ്രകൃതിയെ ബാധിക്കുമെന്നതടക്കമുള്ള കാര്യങ്ങൾ പഠിപ്പിക്കേണ്ടതുണ്ടെന്ന് കോടതി പറഞ്ഞു. സർക്കാർ വകുപ്പുകൾ തമ്മിൽ ഇക്കാര്യത്തിൽ ഏകോപനമില്ലെന്നും കോടതി അഭിപ്രായപ്പെട്ടു. രണ്ട് ജില്ലകൾ ഒഴിച്ച് മറ്റുള്ള ജില്ലകളിലൊക്കെ മണ്ണിടിച്ചിൽ ഭീഷണി നേരിടുന്നുണ്ടെന്ന് അഡ്വക്കേറ്റ് ജനറൽ വിശദീകരിച്ചു. പൊതുവായി പറയുന്നതിനപ്പുറം ഇക്കാര്യത്തിൽ വിശദമായ പഠനമാണ് വേണ്ടതെന്ന് കോടതി പറഞ്ഞു. ജിയോ മാപ്പിങ്ങാണ് വേണ്ടതെന്നും വ്യക്തമാക്കി.

സർക്കാരിന്റെ നയരൂപവത്കരണത്തിനടക്കം അത് സഹായകമാകും. നിർമ്മാണ പ്രവർത്തനങ്ങൾ അനുവദിക്കാവുന്നതും അനുവദിക്കാനാകാത്തതുമായ മേഖല ഏതെന്ന് വ്യക്തമായി തിരിക്കാനാകണം. ഇക്കാര്യങ്ങളിൽ സമഗ്ര റിപ്പോർട്ട് നൽകാൻ അമിക്കസ് ക്യൂറിക്കും നിദ്ദേശം നൽകി.

(മാ. 10/8)

സംസ്ഥാന വാര്‍ത്ത

## പാഴായ മരുന്നുകളുടെ സംസ്കരണം ഭീഷണി-

## കര്‍ശന മാനദണ്ഡമൊരുങ്ങുന്നു

കാലാവധി തീര്‍ന്നതും പല കാരണങ്ങളാല്‍ ഉപയോഗശൂന്യമായതുമായ അലോപ്പതി മരുന്നുകളുടെ യുക്തമല്ലാത്ത സംസ്കരണം പൊതുജനാരോഗ്യത്തിന കടുത്ത ഭീഷണിയെന്ന വിലയിരുത്തല്‍ വീണ്ടും. ഈ സാഹചര്യത്തില്‍ കൂടുതല്‍ ഫലപ്രദവും ശാസ്ത്രീയവും കര്‍ശനവുമായ മാര്‍ഗനിര്‍ദേശങ്ങള്‍ രൂപപ്പെടുത്തുവാന്‍ ശ്രമം തുടങ്ങി. കേന്ദ്ര ആരോഗ്യമന്ത്രാലയവും ഇതനുസരിച്ചുള്ള നിര്‍ദേശം ഡ്രഗ്സ് വിഭാഗത്തിന നല്‍കിയിട്ടുണ്ട്.

മരുന്നുകള്‍ സുരക്ഷിതമായി സംസ്കരിക്കുന്നതിനുള്ള മാര്‍ഗനിര്‍ദേശ രേഖയാണ് തയ്യാറാകുന്നത. എത്രയും വേഗം ഇത് പ്രസിദ്ധീകരിക്കാനാണ് ശ്രമം. ലോകാരോഗ്യ സംഘടനയുടെയും അമേരിക്കന്‍ ഫുഡ് ആന്റ് ഡ്രഗ് അഡ്മിനിസ്ട്രേഷന്റെയും നിര്‍ദേശ ങ്ങളാണ് അടിസ്ഥാനമാക്കുന്നത്. ബയോ-മെഡിക്കല്‍ മാലിന്യം സംബന്ധിച്ച് ചട്ടങ്ങളും കൂടി പരിഗണിച്ചായിരിക്കും പുതിയ രേഖ നിലവില്‍ വരുക. ഡല്‍ഹി അടിസ്ഥാനമാക്കിയ പഠനങ്ങളില്‍ അന്തരീക്ഷവായുവില്‍പ്പോലും മരുന്നുഘടകങ്ങളുടെ സാന്നിധ്യം കണ്ടെത്തി. പരിസ്ഥിതി പ്രവര്‍ത്തകരും സംഘടനകളും ഏറെക്കാലമായി ഭീഷണി ഉയര്‍ത്തിക്കാട്ടുന്നുണ്ട്.

(മാ. 1/7)

സംസ്ഥാന വാർത്ത

## മനുഷ്യ വന്യജീവി സംഘർഷം

## 12 ജില്ലകളിൽ സൗരോർജവേലി

മനുഷ്യ-വന്യജീവി സംഘർഷം മൂലമുള്ള വിളനാശം ലഘൂകരിക്കാൻ സൗരോർജവേലി പദ്ധതിയുമായി കൃഷിവകുപ്പ്. കേന്ദ്രസർക്കാരിന്റെ രാഷ്ട്രീയ കൃഷി വികാസ് യോജനയിലൂടെ ആലപ്പുഴ, പത്തനംതിട്ട ഒഴികെയുള്ള 12 ജില്ലകളിലാണ് പദ്ധതി നടപ്പാക്കുന്നത്. 25 കോടിയാണ് കേരളത്തിന് വകയിരുത്തിയത്. 60 ശതമാനം കേന്ദ്രവിഹിതവും 40 ശതമാനം സംസ്ഥാന വിഹിതവുമാണ്.

2023-24 സാമ്പത്തികവർഷം ഉൾപ്പെട്ട പദ്ധതിക്ക് ഈവർഷം മാർച്ച് അവസാനമാണ് ഫണ്ട് കിട്ടിയത്. പിന്നാലെ തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽവന്നതിനാൽ നടത്തിപ്പ് വൈകി. ഇപ്പോൾ പദ്ധതി രൂപരേഖയ്ക്ക് അംഗീകാരം ലഭിച്ച ആറ് ജില്ലകളിൽ വേലി നിർമ്മാണത്തിന്റെ പ്രാരംഭ നടപടി തുടങ്ങി. കൊല്ലം-1.89 കോടി രൂപ, കോട്ടയം-1.90 കോടി, ഇടുക്കി-2.20 കോടി, വയനാട്-3.88 കോടി, കോഴിക്കോട്-1.25 കോടി, കണ്ണൂർ-2.18 കോടി എന്നിങ്ങനെയാണ് തുക അനുവദിച്ചത്.

അതത് ജില്ലകളിൽ പ്രിൻസിപ്പൽ കൃഷി ഓഫീസറാണ് സൗരോർജ്ജവേലി എവിടെ, എത്ര കിലോമീറ്റർ വേണമെന്നതിന്റെ രൂപ രേഖ തയ്യാറാക്കുന്നത്. അതിനായി പഞ്ചായത്തുതല ഗുണഭോക്തൃസമിതിയുടെ താത്പര്യങ്ങളും നിർദേശങ്ങളും പരിഗണിക്കും. കാർഷികമേഖലയിൽ വന്യജീവികളുടെ ആക്രമണം രൂക്ഷമായ പ്രദേശമാണ് തിരഞ്ഞെടുക്കുക. നിലവിൽ സൗരോർജവേലിയുള്ള പ്രദേശങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തുന്നില്ല. പദ്ധതി രൂപരേഖ കിട്ടുന്ന മുറയ്ക്ക് മറ്റ് ജില്ലകൾക്കും വിഹിതം അനുവദിക്കും.

(മാ. 16/6)

സംസ്ഥാന വാർത്ത

## രജിസ്ട്രേഷന് ഇനി ഇ-സ്റ്റാമ്പ് മാത്രം

ജൂൺ രണ്ടാംവാരംമുതൽ സംസ്ഥാനത്തെ രജിസ്ട്രേഷൻ ഇടപാടുകൾക്കെല്ലാം ഇ-സ്റ്റാമ്പ് നിർബന്ധമാവും. ഇതിന്റെ ഭാഗമായി മുദ്രപ്പത്രങ്ങളുടെ അച്ചടി നിർത്താൻ സർക്കാർ തീരുമാനിച്ചു.

ഒരുലക്ഷം രൂപയ്ക്കു മുകളിലുള്ള രജിസ്ട്രേഷൻ ഇടപാടുകൾക്ക് നേരത്തേ ഇ-സ്റ്റാമ്പ് ഏർപ്പെടുത്തിയിരുന്നു. ഒരു ലക്ഷത്തിനു താഴെയുള്ള ഇടപാടുകളും ജൂൺ രണ്ടാം വാരത്തോടെ ഇ-സ്റ്റാമ്പിലേക്കു മാറും. ആവശ്യക്കാർക്ക് രജിസ്ട്രേഷൻ വകുപ്പിന്റെ 'പേൾ' പോർട്ടലിലൂടെ വെണ്ടർമാർ വഴി ഇടപാടുകൾ നടത്താം.

വെണ്ടർമാരുടെ ജോലിയെയും വരുമാനത്തെയും ഇ-സ്റ്റാമ്പ് ബാധിക്കില്ല. ഇവരുടെ ഓഫീസുകളിൽ അച്ചടിച്ച മുദ്രപ്പത്രങ്ങളോ കടലാസുകെട്ടുകളോ ഇനി വേണ്ടിവരില്ല. പകരം, കംപ്യൂട്ടറും പ്രിന്ററും സജ്ജമാക്കിയാൽ മതി.

സാക്ഷ്യപത്രങ്ങൾക്കും മറ്റുമുള്ള നോൺ രജിസ്ട്രേഷൻ ഇടപാടുകൾക്കും അടുത്തഘട്ടമായി ഇ-സ്റ്റാമ്പ് ഏർപ്പെടുത്തുമെന്നും അധികൃതർ വ്യക്തമാക്കി. 2025-ഓടെ സമ്പൂർണ്ണ ഇ-സ്റ്റാമ്പ് സംസ്ഥാനമായി മാറുകയാണ് ലക്ഷ്യം. മുദ്രപ്പത്രം അച്ചടിക്കാൻ ഈ വർഷം പുതിയ ഓർഡറൊന്നും നാസിക്കിലെ പ്രസിനു നൽകിയിട്ടില്ല. ഇപ്പോൾ സ്റ്റോക്കുള്ള 50 ലക്ഷത്തോളം മുദ്രപ്പത്രങ്ങൾ രജിസ്ട്രേഷൻ ഇതര ഇടപാടുകൾക്കായി വിതരണം ചെയ്യും.

(മാ. 16/5)

സംസ്ഥാന വാർത്ത

## സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തൽ

### നോർക്കയുടെ പേരിലെ തട്ടിപ്പ് തടയാൻ ഹോളോഗ്രാമും ക്യൂ. ആർ. കോഡും

ഉദ്യോഗസ്ഥരുടെ വ്യാജ ഒപ്പും സീലും പതിപ്പിച്ച് വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തിയുള്ള തട്ടിപ്പ് തടയാൻ നോർക്കയ്ക്ക് ഹോളോഗ്രാമും ക്യൂ. ആർ. കോഡും.

നോർക്ക റൂട്ട്സിലെ ഓതന്റിക്കേഷൻ ഉദ്യോഗസ്ഥരുടെ ഒപ്പും സീലും വ്യാജമായി നിർമ്മിച്ച് വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകളിൽ കൃത്രിമം കാണിക്കുന്നതും വ്യാജ അറ്റസ്റ്റേഷൻ നടത്തുന്നതും പിടികൂടിയതിനെത്തുടർന്നാണ് പുതിയ സുരക്ഷാക്രമീകരണം.

ഏപ്രിൽ 29-ന ഇതു നിലവിൽ വരുന്നതോടെ, നോർക്കയുടെ അറ്റസ്റ്റേഷന്റെ സാധുത ക്യൂ.ആർ.കോഡിന്റെ സഹായത്തോടെ പരിശോധിക്കാൻ കഴിയും. പുതുക്കിയ അറ്റസ്റ്റേഷൻ സ്റ്റാമ്പിങ്ങിന്റെ മാതൃകയുടെ പ്രകാശനം നോർക്ക റെസിഡന്റ് വൈസ് ചെയർമാൻ പി. ശ്രീരാമകൃഷ്ണൻ നിർവ്വഹിച്ചു. രാജ്യത്ത് ആദ്യമായാണ് അറ്റസ്റ്റേഷന ഇത്തരത്തിൽ സുരക്ഷാ മുൻകരുതലുകൾ എടുക്കുന്നതെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അജിത് കോളശേശേരി പറഞ്ഞു. തിരുവനന്തപുരം സർട്ടിഫിക്കറ്റ് ഓതന്റിക്കേഷൻ ഓഫീസർ സുനിൽ കെ. ബാബു, സെന്റർ മാനേജർ സഫറുള്ള, അസിസ്റ്റന്റ് മാനേജർ ജെൻസി ജോസി തുടങ്ങിയവർ പങ്കെടുത്തു.

(മാ. 16/4)

സംസ്ഥാന വാർത്ത

## ടോഡി ബോർഡ് നിലവിൽ വന്നു

കള്ളുവ്യവസായ വികസനത്തിനും പ്രോത്സാഹനത്തിനുമായി 2021-ൽ സർക്കാർ പ്രഖ്യാപിച്ച കള്ളുവ്യവസായ വികസന ബോർഡ് (ടോഡി ബോർഡ്) നിലവിൽ വന്നു. സി.പി.എം നേതാവ് യു.പി. ജോസഫാണു ചെയർമാൻ.

നികുതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, എക്സൈസ് കമ്മീഷണർ, ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി, കാർഷിക സർവകലാശാല ഗവേഷണ വിഭാഗം ഡയറക്ടർ, കൃഷി വകുപ്പ് മാർക്കറ്റിങ് അസി.ഡയറക്ടർ, കള്ളു വ്യവസായത്തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ എന്നീ ഔദ്യോഗിക അംഗങ്ങൾ ഉൾപ്പെടെ 13 അംഗങ്ങളുണ്ട്. മാമ്പറ്റ ശ്രീധരൻ, ഡി.പി. മധു, തൊടിയൂർ രാമചന്ദ്രൻ, പി. അജയകുമാർ, കിഷോർകുമാർ, എം.സി. പവിത്രൻ, എ. പ്രദീപൻ എന്നിവരാണു ബോർഡിൽ വിവിധ മേഖലകളിൽനിന്നുള്ള പ്രതിനിധികൾ.

ടോഡി ബോർഡ് രൂപീകരിക്കുന്നതിനു 2021 ഫെബ്രുവരിയിലാണു നിയമസഭ നിയമം പാസാക്കിയത് തുടർന്നുള്ള ഓരോ മദ്യനയത്തിലും ബോർഡ് രൂപീകരിക്കുമെന്ന വാഗ്ദാനമുണ്ടായിരുന്നെങ്കിലും നടപ്പായിരുന്നില്ല. കള്ള് സംഭരിച്ചു ഷാപ്പുകളിലെത്തിക്കുന്നതിനും മൂല്യവർധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനും ബോർഡ് മേൽനോട്ടം വഹിക്കും. തെങ്ങ്-പന കൃഷി, ടൂറിസം മേഖലകളിൽ ടോഡി പാർലറുകൾ, തൊഴിലാളികൾക്കു പരിശീലനം, ഗവേഷണം എന്നീ ചുമതലകളുമുണ്ട്. അഞ്ചുവർഷത്തേക്കാണ് അംഗങ്ങളുടെ കാലാവധി. ആദ്യ യോഗം 20-നു തിരുവനന്തപുരത്തു ചേരും.

(മ.മ. 17/03)

സംസ്ഥാന വാർത്ത

## മികച്ച തദ്ദേശസ്ഥാപനങ്ങൾക്ക് പുരസ്കാരങ്ങൾ നൽകി

മികച്ച പ്രവർത്തനം കാഴ്ചവച്ച തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കുള്ള പുരസ്കാരങ്ങൾ സംസ്ഥാന തദ്ദേശദിനാഘോഷത്തിന്റെ സമാപനസമ്മേളനത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ വിതരണം ചെയ്തു. സംസ്ഥാനതലത്തിൽ മികച്ച ജില്ലാപഞ്ചായത്തിനുള്ള സ്വരാജ് ട്രോഫി പുരസ്കാരം തിരുവനന്തപുരം ജില്ലാപഞ്ചായത്ത് സ്വന്തമാക്കി. കൊല്ലം ജില്ലാപഞ്ചായത്തിനാണ് രണ്ടാം സ്ഥാനം. മികച്ച ബ്ലോക്ക് പഞ്ചായ ത്തിനുള്ള സ്വരാജ് പുരസ്കാരം കാസർകോട് ജില്ലയിലെ നീലേശ്വരവും മലപ്പുറം ജില്ലയിലെ പെരുമ്പടപ്പും കോട്ടയം ജില്ലയിലെ വൈക്കവും കരസ്ഥമാക്കി. മികച്ച ഗ്രാമപഞ്ചായത്തിനുള്ള സ്വരാജ് ട്രോഫി പുരസ്കാരം കാസർകോട് ജില്ലയിലെ വലിയപറമ്പ് ഗ്രാമപഞ്ചായത്ത് ഏറ്റുവാങ്ങി. മറ്റു സ്ഥാനങ്ങൾ ആലപ്പുഴ ജില്ലയിലെ മുട്ടാറും കോട്ടയം ജില്ലയിലെ മരങ്ങാട്ടുപിള്ളിയും കരസ്ഥമാക്കി. മികച്ച മുനിസിപ്പാലിറ്റി യായി തൃശ്ശൂർ ജില്ലയിലെ ഗുരുവായൂരും യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങളിലായി തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരിയും കണ്ണൂർ ജില്ലയിലെ ആന്തൂരും പുരസ്കാരത്തിന അർഹമായി.

മികച്ച മുനിസിപ്പൽ കോർപ്പറേഷനുള്ള സ്വരാജ് പുരസ്കാരം തിരുവനന്തപുരം കോർപ്പറേഷൻ ഏറ്റുവാങ്ങി. സംസ്ഥാനതലത്തിൽ മികച്ച കോർപ്പറേഷനുള്ള മഹാത്മാ അയ്യങ്കാളി പുരസ്കാരം തുടർച്ചയായി മൂന്നാംതവണയും കൊല്ലം കോർപ്പറേഷനു ലഭിച്ചു. മുനിസിപ്പാലിറ്റി തലത്തിൽ തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി ഒന്നും കോട്ടയം ജില്ലയിലെ വൈക്കം രണ്ടും സ്ഥാനത്തെത്തി മഹാത്മാ അയ്യങ്കാളി പുരസ്കാരം നേടി.

ബ്ലോക്ക് പഞ്ചായത്തുകളിൽ തിരുവനന്തപുരം ജില്ലയിലെ പെരുങ്കടവിള ഒന്നും പാലക്കാട് ജില്ലയിലെ അട്ടപ്പാടി രണ്ടും ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി മൂന്നും സ്ഥാനങ്ങളിലായി മഹാത്മാ പുരസ്കാരത്തിന അർഹമായി. ഗ്രാമപഞ്ചായത്തുകളിൽ തിരുവനന്തപുരം ജില്ലയിലെ വെള്ളറടയും മലപ്പുറം ജില്ലയിലെ എടപ്പാളും ഒന്നാം സ്ഥാനം പങ്കിട്ടു. തിരുവനന്തപുരത്തെ കള്ളിക്കാടും പാലക്കാട്ടെ പുത്തൂരും യഥാക്രമം രണ്ടും മൂന്നും സ്ഥാനത്തെത്തി,

(മാ. 20/02)

സംസ്ഥാന വാർത്ത

## സപ്ലൈകോയിൽ ഇനി സബ്സിഡിയില്ല

നിത്യോപയോഗ സാധനങ്ങൾക്കുള്ള സപ്ലൈകോയുടെ സ്ഥിരം സബ്സിഡി ഇല്ലാതാവുന്നു. വിപണിയിലെ ഏറ്റക്കുറച്ചിലുകൾ മനസ്സിലാക്കി മൂന്നുമാസം കൂടുമ്പോൾ വില പരിഷ്കരിക്കാൻ ആസൂത്രണബോർഡംഗം ഡോ. കെ. രവിരാമൻ അധ്യക്ഷനായ വിദഗ്ദ്ധസമിതി ശുപാർശചെയ്തു.

വിപണിവിലയുടെ ശരാശരി 30 ശതമാനം വിലക്കിഴിവ് നൽകിയാൽ മതിയെന്നാണ് വിദഗ്ദ്ധസമിതിയുടെ ശുപാർശ. റിപ്പോർട്ട് ബുധനാഴ്ചത്തെ മന്ത്രിസഭായോഗം പരിഗണിച്ചേക്കും.

നിലവിൽ 13 ഉത്പന്നങ്ങൾക്കാണ് സപ്ലൈകോ സബ്സിഡി നൽകുന്നത്. ഇപ്പോഴത്തെ സബ്സിഡിരീതി വലിയ സാമ്പത്തികബാധ്യത സൃഷ്ടിക്കുന്നുണ്ടെന്നാണ് വിലയിരുത്തൽ. പൊതുവിപണിയിൽ 220-230 വിലയുള്ള മുളക് 75 രൂപയ്ക്കാണ് സപ്ലൈകോയിലെ വിൽപ്പന. ഓരോ സാധനങ്ങൾക്കും വിപണിയിൽ വിലകൂടുമ്പോഴും സപ്ലൈകോയിലെ സബ്സിഡി ഉത്പന്നങ്ങൾക്ക് ഏഴുവർഷമായി ഒരേവിലയാണ്. വിപണിയുമായി താരതമ്യപ്പെടുത്തിയാൽ 50 ശതമാനത്തിലേറെയാണ് ഇപ്പോഴുള്ള സബ്സിഡി. ഈ രീതിയിൽ മുന്നോട്ടുപോയാൽ പ്രതിസന്ധി തരണം ചെയ്യാനാവില്ലെന്ന് സമിതി വിലയിരുത്തി.

ഉപഭോക്താവിന തെരഞ്ഞെടുത്തു വാങ്ങാൻ അവസരമൊരുക്കാൻ സബ്സിഡി ഉത്പന്നങ്ങളുടെ എണ്ണം കൂട്ടുന്നത് പരിഗണിക്കാമെന്നാണ് മറ്റൊരു ശുപാർശ. ഒരു സാധനം ലഭ്യമല്ലെങ്കിൽ പകരം മറ്റൊരു ഉത്പന്നം വിലക്കിഴിവിൽ നൽകാം. സബ്സിഡി ഉത്പന്നങ്ങളുടെ എണ്ണം കൂട്ടുന്നത് ഇതിനു സഹായിക്കും.

**വരുമാനമില്ലാത്ത മാവേലിസ്റ്റോർ പൂട്ടും ; സൂപ്പർ ബസാർ വരുന്നു**

നിശ്ചിതവരുമാനമില്ലാത്ത മാവേലിസ്റ്റോറുകൾ പൂട്ടാനാണ് മറ്റൊരു ശിപാർശ. സപ്ലൈകോയെ കൂടുതൽ ലാഭകരമാക്കാൻ സൂപ്പർ ബസാറുകളും ആരംഭിക്കും. നിലവിൽ അറുനൂറിലേറെ മാവേലിസ്റ്റോറുകളാണുള്ളത്. ഇതിൽ അറുപതോളം സ്റ്റോറുകൾ ലാഭകരമല്ല. ഇനി പുതിയ മാവേലി സ്റ്റോറുകളും അനുവദിക്കില്ല.

(മാ. 10/01)